പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3958 — 19.03.2018-ൽ മറുപടിക്ക്

ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2008-ലെ നെൽവയൽ-തണ്ണീർത്തട (ബി) സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകരിക്കേണ്ട ഡാറ്റാ ബാങ്കുകൾ തയ്യാറാക്കുന്നതിനും, പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ 1076 കൃഷിഭവൻ പ്രദേശങ്ങളിൽ 669 ഇടത്തിൽ ഡാറ്റാബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 226 കൃഷി ഭവൻ പ്രദേശങ്ങളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരണത്തിനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗവൺമെന്റ് പ്രസ്സുകളിൽ ഏല്പിച്ചിട്ടുണ്ട്. 9 ജില്ലകളിലായി 22 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ/ തണ്ണീർത്തടം ഇല്ലാത്തതാണ്. ഡാറ്റാബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏൽപ്പിക്കുകയും എന്നാൽ ഗസറ്റ് വിജ്ഞാപനം നടത്താനായി അവ ഗവൺമെന്റ് പ്രസ്സിലേക്ക് കൈമാറാത്തതുമായ 136 എണ്ണവും, ഡാറ്റാബാങ്ക് തയ്യാറാക്കൽ പൂർത്തിയാക്കാനുണ്ടായിരുന്ന 23 എണ്ണവും ഉൾപ്പെടെ 159 പ്രദേശങ്ങളുടെ ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ പ്രസിദ്ധപ്പെടുത്തുന്നതിന് കെ.എസ്.ആർ.ഇ.സി യുടെ സഹകരണത്തോടെ കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 88 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയ പരിശോധനയുടെ അടിസ്ഥാനത്തിൽ |

റിപ്പോർട്ട് കെ.എസ്.ആർ.ഇ.സി തയ്യാറാക്കിയിട്ടുണ്ട്.

ഡാറ്റാബാങ്ക് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനുമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ കൺവീനറും, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ്, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് ഡയറക്ടർ, കെ.എസ്.ആർ.ഇ.സി ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു ഉന്നതതല സമിതി സ.ഉ (ആർ.റ്റി) നം. 47/2017/കൃഷി (എൻ.സി.എ) വകുപ്പ് തീയതി, 18.01.2017 പ്രകാരം രൂപം നൽകിയിട്ടുണ്ട്.

(ബി) 2008-നു മുമ്പ് നികത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ഭൂമിയിൽ വീട് വയ്ക്കാൻ അനുമതി നൽകുന്നതിന് മുൻകാല ഉത്തരവുകളിലുണ്ടായിരുന്ന അവ്യക്തത ഒഴിവാക്കിയും നടപടിക്രമങ്ങൾ ലഘൂകരിച്ചും പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ഉൾപ്പെടെ വിശദാംശം നൽകുമോ;

(സി) നിശ്ചിത തുക പിഴ ഈടാക്കിക്കൊണ്ട് അനധികൃതമായ നിലം നികത്തൽ ക്രമവൽക്കരിക്കാൻ പുതിയ എന്തെങ്കിലും ഓർഡിനൻസ്/ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി)യും (സി)യും: 2017-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ഡി) എങ്കിൽ സംസ്ഥാനത്ത് എത്ര കേസുകൾ പിഴ ഈടാക്കി ക്രമവൽക്കരിച്ചു നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

(ഡി) 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ ക്രമവൽക്കരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**